## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1888** **01.02.2018-ൽ മറുപടിക്ക്**

### അക്ഷയ കേന്ദ്രങ്ങൾ

**ചോദ്യം** **മറുപടി**

ശ്രീ. കെ.വി. വിജയദാസ്

ശ്രീ. പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങളിലെ കാലതാമസം മൂലം പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദവിവരം വെളിപ്പെടുത്താമോ; | (എ) | വിവിധ ആവശ്യങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ അക്ഷയ കേന്ദ്രങ്ങളുടെ ഭാഗത്തുനിന്നും കാലതാമസവും വീഴ്ചയും നേരിടുന്നതായുള്ള ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് അന്വേഷിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുകയുണ്ടായി. അക്ഷയ സംരംഭകർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ അക്ഷയ സംരംഭകർക്കും അക്ഷയ ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയവ പാലിക്കുന്നുണ്ടോയെന്ന് അക്ഷയ ജില്ലാ ഓഫീസുകളിൽ നിന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് ഉറപ്പ് വരുത്താറുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന പുതിയ സേവനങ്ങൾക്ക് അതാത് വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക പരിശീലനം സംരംഭകർക്ക് നൽകി വരുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുന്നതിനായി അക്ഷയ സംസ്ഥാന / ജില്ലാ |

| | | | |
|---|---|---|---|
| | | | ഓഫീസുകളുടെ ഇ-മെയിൽ വിലാസം, ഫോൺ നമ്പർ എന്നിവ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പൊതുജനങ്ങൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ പഞ്ചായത്തുകളിലും അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഒരു പഞ്ചായത്തിൽ ഒന്നെങ്കിലും വീതം അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ